<u>നിബന്ധനകൾ/പൊതു നിർദ്ദേശങ്ങൾ</u>

1. കേരളത്തിലെ റേഷൻ കാർഡിൽ പേരുൾപ്പെട്ടവരും, വാർഷിക കുടുംബ വരുമാന പരിധി രണ്ട് ലക്ഷം രൂപ വരെ വരുന്നതുമായ വ്യക്തികൾക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിന് അപേക്ഷിക്കാൻ അർഹതയുള്ളത്.
2. മാരകമായ രോഗങ്ങൾക്കുള്ള ചികിൽസാ ധനസഹായം, അപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള സമാശ്വാസ ധനസഹായം, തീപിടുത്തം മൂലം വാസഗൃഹത്തിനും ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത ചെറുകിട കച്ചവട സ്ഥാപനത്തിനും, കടൽക്ഷോഭം മൂലം വള്ളം, ബോട്ട്, വല, കട്ടമരം എന്നിവയ്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള ധനസഹായവുമാണ് ഇതുവഴി ലഭിക്കുന്നത്.
3. ചികിൽസ തേടുന്ന വ്യക്തി തന്നെയാകണം ധനസഹായത്തിനായുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. എന്നാൽ ചികിൽസ തേടുന്ന വ്യക്തി Minor ആണെങ്കിലോ, അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത ആരോഗ്യാവസ്ഥയിലാണെങ്കിലോ ടി വ്യക്തിയെ സംരക്ഷിക്കുന്ന ആൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപകടം മൂലം മരണമടഞ്ഞ വ്യക്തിയുടെ ആശ്രിതർക്കുള്ള ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് അനന്തരാവകാശിയാണ്. തീപിടുത്തം/ കടൽക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടത്തിനുള്ള ധനസഹായത്തിന് അപേക്ഷ സമർപ്പിക്കേണ്ടത് നഷ്ടം നേരിട്ട വ്യക്തിയാണ്.
4. <u>അപകടങ്ങൾ മൂലം മരണമടയുന്നവരെ പൂർണ്ണമായും ആശ്രയിച്ച് കഴിയുന്ന കുടുംബം നിരാലംബമാക്കപ്പെടുന്ന അവസ്ഥയിൽ സമാശ്വാസമെന്ന നിലയിലാണ് ധനസഹായം അനുവദിക്കുന്നത്. ഇത് ഒരു നഷ്ട പരിഹാര തുകയല്ല. മരണമടഞ്ഞ ആളിന്റെ നിയമാനുസൃത അവകാശികൾ, ആശ്രിതർ എന്നിവരാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഭാര്യ/ ഭർത്താവിനു വേണ്ടി മറ്റൊരാൾ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ ഭാര്യ/ ഭർത്താവിന്റെ സമ്മത പത്രം. മരണമടഞ്ഞ വ്യക്തിയ്ക്ക് ഒന്നിൽ കൂടുതൽ അവകാശികളുണ്ടെങ്കിൽ മറ്റ് അനന്തരാവകാശികളുടെ സമ്മത പത്രം</u>
5. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്കുള്ള അപേക്ഷ പൂർണ്ണമായും ഓൺലൈനായാണ് കൈകാര്യം ചെയ്യുന്നത്. cmo.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിച്ച് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടാതെ അക്ഷയ കേന്ദ്രങ്ങൾ വഴിയോ, എം.പി/എം.എൽ.എ മാരുടെ ഓഫീസ് മുഖേനയോ, മുഖ്യമന്ത്രിയുടെ ഓഫീസിൽ തപാൽ മുഖേനയോ നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.
6. ജീവിത ശൈലീ രോഗങ്ങളായ പ്രമേഹം, രക്ത സമ്മർദ്ദം, വാതം തുടങ്ങിയവയ്ക്ക് ചികിത്സാ ധനസഹായത്തിന് അർഹതയുണ്ടാവുകയില്ല.
7. അപേക്ഷകൻ നിലവിൽ താമസിച്ചു വരുന്ന മേൽവിലാസമാണ് അപേക്ഷയിൽ രേഖപ്പെടുത്തേണ്ടത്. എന്നാൽ മാത്രമേ വില്ലേജ് ഓഫീസർക്ക് അപേക്ഷകനെ നേരിൽകണ്ട് വിവരങ്ങൾ ശേഖരിക്കാനാകൂ.
8. ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായം അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് അയയ്ക്കുകയാണ് ചെയ്യുന്നത്. അതിനാൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ കൃത്യമായും നിർബന്ധമായും പൂരിപ്പിക്കേണ്ടതാണ്.
9. അപേക്ഷ സ്വീകരിക്കുന്നത് മുതൽ അപേക്ഷ തീർപ്പാക്കുന്നത് വരെ അപേക്ഷയുടെ ഓരോ നീക്കവും സംബന്ധിച്ച വിവരം അപേക്ഷകന്റെ മൊബൈൽ നമ്പറിലേക്കും ഇ-മെയിലിലേക്കും സന്ദേശമായി ലഭിക്കുന്നതാണ്.

*****************

webs4.in